**കേരള സർക്കാർ**

**സംഗ്രഹം**

വനം - വന്യജീവി വകുപ്പ് - തേക്ക തോട്ടങ്ങളിൽ നിന്നും അന്തിമവെട്ട്, ഇടവെട്ട് എന്നിവ നടത്തി കിട്ടുന്ന തേക്ക് കഴകളിൽ നിന്നും ഒരുക്കിയെടുക്കുന്ന നാലാം ക്ലാസ് തടിയും, അവശേഷിക്കുന്ന ഭാഗവും 75 സെ.മീറ്റർ വരെ വണ്ണമുള്ള പാഴ്തടികളും ഡംമ്പിംഗ് ഡിപ്പോയിൽ വച്ച് ലേലം ചെയ്ത് വില്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ. (സാധാ)നം. 207/2013/വനം                    തിരുവനന്തപുരം,തീയതി, 31/05/2013

---

പരാമർശം :- 1.സ.ഉ.(ആർ.റ്റി) 49/1997/വനം തീയതി 04.02.1997

2. സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 19.02.2013 തീയതിയിലെ പ്രൊ- ( 5) 5347/2013 നമ്പർ കത്ത്.

3.അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ സൗത്ത്),കൊല്ലത്തിന്റെ 1/03/2013 ലെ ആർ.എസ്.5-418/2013 നം.കത്ത്.

## <u>ഉത്തരവ്</u>

തേക്ക് തോട്ടങ്ങളിൽ നിന്നും അന്തിമവെട്ട് / ഇടവെട്ട് എന്നിവയിൽ നിന്നും ശേഖരിക്കുന്ന എല്ലാത്തരം തേക്ക് തടികളും, ഘനമരത്തടികളും, വെള്ളമരത്തടികളും, നിലയിനം തേക്ക് ബില്ലറ്റുകളും സെയിൽസ് ഡിവിഷനുകളുടെ പരിധിയിലുള്ള അംഗീകൃത സർക്കാർ ഡിപ്പോകളിൽ ഇറക്കി വിൽക്കുന്നതിന് അനുവാദം നൽകി പരാമർശം ഒന്ന് പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

2) ഇടമുറിച്ചും, അന്തിമവെട്ടു വഴിയും ലഭിക്കുന്ന ഒന്നാംതരം തേക്ക് കഴകൾ പാകത്തിന് മുറിച്ചെടുത്താൽ (75 സെ.മീറ്റർ വരെ) നാലാംതരം തടിയായി വിൽപ്പന നടത്താമെന്നും ഇതുമൂലം സർക്കാരിന് കൂടുതൽ വരുമാനമുണ്ടാകുമെന്നും പരാമർശം രണ്ടിലെ കത്തു പ്രകാരം സംരക്ഷണ വിഭാഗം അഡീഷണൽ മുഖ്യവനപാലകൻ അഭിപ്രായപ്പെട്ടു. എന്നാൽ ഇപ്രകാരം തടിയാക്കി ഡിപ്പോയിൽ എത്തിക്കുന്നതുമൂലം ലോഡിംഗ് തൊഴിലാളികൾക്ക് തൊഴിൽനഷ്ടം ഉണ്ടാകുമെന്നതിനാൽ ഇതു പരിഹരിക്കണമെന്ന് തൊഴിലാളി യൂണിയനുകൾ ആവശ്യപ്പെടുകയുണ്ടായി. ഈ ആവശ്യം വിശദമായി പരിശോധിച്ചതിനുശേഷം ഒന്നാംതരം തേക്ക് കഴകൾ മുറിച്ച് ലഭിക്കുന്ന നാലാം തരം തടിയും ഡംമ്പിംഗ് ഡിപ്പോയിൽ വെച്ച് വിൽക്കുന്നതിനായി പരാമർശം 1 ലെ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് സംരക്ഷണവിഭാഗം അഡീഷണൽ മുഖ്യവനപാലകൻ പരാമർശം 2 ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 ലെ ഉത്തരവ് സർക്കാരിനോ, വകുപ്പിനോ യാതൊരുവിധ സാമ്പത്തിക നഷ്ടമുണ്ടാകരുതെന്ന വ്യവസ്ഥയോടെ താഴെപറയും പ്രകാരം ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

i) ഒന്നാം ക്ലാസ് കഴകളിൽ നിന്നും ഒരുക്കിയെടുക്കുന്ന നാലാം ക്ലാസ് തടിയും അവശേഷിക്കുന്ന ഭാഗവും ഡമ്പിംഗ് ഡിപ്പോയിൽ വച്ച് തന്നെ ലേലം ചെയ്യാം.

ii) 75 സെ.മീറ്റർ വരെ വണ്ണമുള്ള പാഴ്തടികളും ഡമ്പിംഗ് ഡിപ്പോയിൽ വച്ച് തന്നെ ലേലം ചെയ്യാം.

ഇതിലേയ്ക്കായി ഡമ്പിംഗ് ഡിപ്പോകൾ തെരഞ്ഞെടുക്കുമ്പോൾ ഗതാഗത സൗകര്യവും വിൽപ്പന കേന്ദ്രങ്ങൾ അടുത്തടുത്തുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കേണ്ടതും കടത്തുകൂലി കുറച്ച് വരുമാന വർദ്ധനവ് ഉണ്ടാകുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡി. ജോൺ**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്:- 1)പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
2) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.
3)അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (റീജിയണൽ സൗത്ത്), കൊല്ലം.
4)ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ), കൊല്ലം.
5) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പുനലൂർ, കൊല്ലം.
6)അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് & എ ആന്റ് ഇ ),കേരള, തിരുവനന്തപുരം.
7)കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"

മേലെഴുത്ത് നമ്പർ പ്രൊ5-5347/2013 　　　　　　　　　　　 തീയതി : 16.06.2013

പകർപ്പ്:- എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിനും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു.

പകർപ്പ്:- എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിനും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു.

പകർപ്പ്:- എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിനും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു.

പകർപ്പ്:- എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും അറിവിനും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു.

പകർപ്പ്:- സ്റ്റോക്ക് ഫയലിലേയ്ക്ക് - 2013.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ (സംരക്ഷണം)ന് വേണ്ടി